**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2654** **24-06-2024 - ൽ മറുപടിയ്ക്ക്**

**ഓൺ ഗ്രിഡ് സോളാർ ഉപയോഗിക്കുന്നവർക്കുള്ള ഇൻസെന്റീവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഗാർഹികമായി ഓൺ ഗ്രിഡ് സോളാർ ഉപയോഗിക്കുന്നവർക്ക് ഉപയോഗം കഴിഞ്ഞ് മിച്ചം വരുന്ന വൈദ്യുതിക്ക് നിലവിൽ നൽകുന്ന ഇൻസെന്റീവ് എത്രയാണ് ; അത് നൽകുന്ന നിലവിലെ രീതി വിശദമാക്കാമോ; | (എ) | കേരളത്തിലെ ഗാർഹിക ഉപഭോക്താക്കൾ അവരുടെ പുരപ്പുറങ്ങളിൽ സ്ഥാപിച്ച ഓൺഗ്രിഡ് സൗരോർജ്ജ നിലയങ്ങളിൽ നിന്നും ഉത്പ്പാദിപ്പിച്ച് കെ.എസ്.ഇ.ബി.എൽ. ഗ്രിഡിലേക്ക് കടത്തിവിടുന്ന വൈദ്യുതിയിൽ, ഉപഭോഗത്തിനു ശേഷം അധികം വരുന്ന വൈദ്യുതിക്ക് KSERC നിശ്ചയിച്ചിട്ടുള്ള APPC നിരക്കിലാണ് തുക നൽകുന്നത്. 2022-23-ൽ ഒരു യൂണിറ്റ് വൈദ്യുതിക്ക് 2.69/യൂണിറ്റ് നിരക്കിലാണ് വില നൽകിയത്. ആവറേജ് പവർ പർച്ചേസ് കോസ്റ്റ് (APPC) പ്രകാരം റെഗുലേറ്ററി കമ്മീഷനാണ് പ്രസ്തുത നിരക്ക് നിശ്ചയിക്കുന്നത്. 2023-24-ലെ നിരക്ക് റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടില്ല. |
| (ബി) | ഇപ്രകാരം തുക ലഭിക്കുന്നതിന് ഉപഭോക്താവ് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിൽ അപേക്ഷ നൽകേണ്ടതുണ്ടോ;<br>കെ.എസ്.ഇ.ബി.കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്ക് ഉപഭോക്താവിന് അപേക്ഷ നൽകാതെ തന്നെ നൽകുന്ന രീതി അവലംബിക്കാമോയെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ നെറ്റ് മീറ്ററിംഗ് റെഗുലേഷൻ - 2020 - റെഗുലേഷൻ (ചട്ടം) 21 (5) പ്രകാരം ഉപഭോക്താവ് പ്രത്യേക അപേക്ഷ KSEBL- സെക്ഷൻ ഓഫീസുകളിൽ സമർപ്പിക്കേണ്ടതില്ല. |
| (സി) | ഓൺ ഗ്രിഡ് സോളാർ സ്ഥാപിക്കുന്ന സമയത്ത് ഉപഭോക്താവിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങുന്നുണ്ടോ;എങ്കിൽ അത് തിരികെ നൽകാറുണ്ടോ; തിരികെ നൽകുന്നതിന്റെ നിബന്ധനകൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ? | (സി) | ഓൺഗ്രിഡ് സോളാർ സ്ഥാപിക്കുന്നതിന് സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങാറില്ല. എന്നാൽ ഓരോ കിലോവാട്ടിനും 1000/- രൂപ വച്ച് രജിസ്ട്രേഷൻ ഫീസ് വാങ്ങാറുണ്ട്. പ്ലാന്റ് സമയ ബന്ധിതമായി പൂർത്തിയാക്കുന്നവർക്ക് ഇതിന്റെ 80% തിരികെ നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ